ശ്രീ. ടി. എം. ജേക്കബ്: എല്ലാ നിയമസഭാസാമാജികൻമാർക്കും ഇതിന്റെ കോപ്പി അയച്ചുകൊടുക്കാം. അവർ അത് വിശദമായിട്ട് പഠിച്ച് അവരുടെ അഭിപ്രായം കൂടി അറിഞ്ഞിട്ട് നമുക്ക് ആ കാര്യത്തിൽ നടപടിയെടുക്കാം.

ശ്രീ. സി. കെ. ചക്രപാണി: ഈ റിപ്പോർട്ടിന്റെ ചില ശുപാർശകൾ വായിച്ചപ്പോഴാണ് കൂടുതൽ സംശയം തോന്നിയത്. ഹരിജനങ്ങൾക്കും ആദിവാസികൾക്കും ചില കോളേജുകളിൽ 20 ശതമാനം റിസർവേഷനുണ്ട്. 50 ശതമാനമോ അല്ലെങ്കിൽ ടെസ്റ്റോ നടത്തി പ്രവേശനം കൊടുക്കാമെന്നുള്ള രീതിവരികയാണെങ്കിൽ ഇന്നുള്ള 20 ശതമാനം റിസർവേഷൻ നൽകുമെന്ന് ഈ സഭയ്ക്ക് ഉറപ്പു നൽകാമോ?

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ഡയറക്ടർ പേയ്മെന്റ് എഗ്രിമെന്റിൽ നമ്മളുണ്ടാക്കിയ വ്യവസ്ഥയാണ്. എന്താണെങ്കിലും ആ വ്യവസ്ഥ നിലനിൽക്കുന്നു. ഇങ്ങനെ ഒരു കാര്യം ചെയ്യാൻപോകുന്നുവെങ്കിലേ മറ്റൊരു കാര്യത്തെക്കുറിച്ച് ആലോചിക്കേണ്ടതായിട്ടുള്ളൂ. ഇതിൻമേൽ ഒരു അഭിപ്രായം രൂപീകരിക്കപ്പെടട്ടെ. അതിനുശേഷം നമുക്ക് മുന്നോട്ടുപോകാം. എന്താണെങ്കിലും നമ്മുടെ സമൂഹത്തിലെ പിന്നോക്കവിഭാഗം എന്നുള്ള നിലയ്ക്ക് ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കുമെല്ലാം നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായും നിലനിറുത്തണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ഹജ്ജ് തീർത്ഥാടകർ

*26 [30] ശ്രീ. പി. സീതിഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്നും 1985-ൽ ഹജ്ജ് തീർത്ഥാടനത്തിന് എത്ര പേർ പോയിട്ടുണ്ട്;

(ബി) ഹജ്ജ് തീർത്ഥാടനത്തിന് കേരളത്തിന്റെ കോട്ടാ വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ;

(സി) വിമാനയാത്രയ്ക്ക് എത്രപേർക്ക് അനുമതി നൽകി?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): (എ) 2560 പേരെ തിരഞ്ഞെടുത്തു.

(ബി) ഓരോ സംസ്ഥാനത്തേയും മുസ്ലീം ജനസംഖ്യയുടെ അടിസ്ഥാനത്തിലല്ലാതെ യഥാർത്ഥ അപേക്ഷകരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കോട്ടാ നിശ്ചയിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(സി) 2257 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ 504 പേരെ വെയിറ്റിംഗ് ലിസ്റ്റിൽ ചേർത്തിരുന്നു. വെയിറ്റിംഗ് ലിസ്റ്റിൽ ഉള്ളവരിൽ എത്ര പേർക്ക് അവസരം നൽകി എന്ന വിവരം കേന്ദ്രഹജ്ജ് കമ്മിറ്റിയിൽനിന്ന് സംസ്ഥാനകമ്മിറ്റിക്ക് ഇതേവരെ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതിഹാജി: രണ്ടായിരത്തിൽ ചിലപ്പോൾ ഹജ്ജാജിമാർ കേരളത്തിൽനിന്ന് സൗദിഅറേബ്യയിലേക്ക് പോകുന്നുണ്ട്. അമിതമായ വാടക കാരണം അവിടെ താമസിക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് അവിടെ കേരളത്തിനവകാശപ്പെട്ട കെയറോബാത്ത് എന്നു പറയുന്ന ഒരു സ്ഥാപനമുണ്ട്. അത് അവിടത്തെ ഗവൺമെന്റിന്റെ കയ്യിൽനിന്ന് ഈ ഗവൺമെന്റ് ഏറ്റെടുത്ത് തമിഴ്നാട് ഗവൺമെന്റും മഹാരാഷ്ട്രാ ഗവൺമെന്റും ഒക്കെ ഉണ്ടാക്കിയമാതിരി അതാതു സംസ്ഥാനത്തുള്ള റുബാത്തു പോലെ കേരളത്തിനും ഒരു റുബാത്ത് ഉണ്ടാക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുമോ? അതിനുവേണ്ട നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: ഇതിനുവേണ്ടി സൗദി ഗവൺമെന്റുമായി പലപ്രാവശ്യം സംഭാഷണം നടത്തിയിട്ടുണ്ടെങ്കിൽപോലും അന്തിമമായ തീരുമാനം ഉണ്ടായിട്ടില്ല. അതിനാവശ്യമായ നടപടികളും എടുത്തുവരുന്നു.

ശ്രീ. പി. സീതിഹാജി: ഹജ്ജാജിമാരിൽ അധികവും ഭാഷാപരിജ്ഞാനമില്ലാത്ത ആളുകളാണ്. ബോംബെയിൽ പോയിട്ടാണ് അവർ പോകേണ്ടത്. അതുകൊണ്ട് ഇവിടന്ന് വിമാനം പുറപ്പെടാനാവശ്യമായ നടപടി അടുത്തകൊല്ലമെങ്കിലും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: ഇവിടന്ന് വിമാനം പുറപ്പെടണമെന്നുള്ള നിർദ്ദേശം ഞങ്ങളും ഉന്നയിച്ചിരുന്നു. പക്ഷേ അത് സ്വീകരിക്കപ്പെട്ടിട്ടില്ല.

ശ്രീ. എ. സി. ഷൺമുഖദാസ്: ഹജ്ജിനുപോകുന്ന തീർത്ഥാടകരുടെ സൗകര്യാർത്ഥം ബോംബെയിൽ ഹജ്ജ് കമ്മിറ്റി ഒരു ഹജ്ജ് ഹൗസിന്റെ പണി തുടങ്ങിയിട്ടുണ്ട്. ഇക്കാര്യത്തിൽ കേരളഗവൺമെന്റ് വല്ല സംഭാവനയും ചെയ്തിട്ടുണ്ടോ? മലയാളി തീർത്ഥാടകരാണ് ഹജ്ജിന് കൂടുതൽ പോകുന്നതെന്നുള്ളതുകൊണ്ട് കാര്യമായി വല്ല സംഭാവനയും ചെയ്യാൻ കഴിയുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: ഹജ്ജ് ഹൗസ് നിർമ്മിക്കുന്ന കേന്ദ്രഹജ്ജ് കമ്മിറ്റി അതിനെസംബന്ധിച്ച് കേരള ഹജ്ജ് കമ്മിറ്റിയോട് ഒന്നും ആവശ്യപ്പെട്ടിട്ടില്ല.

ശ്രീ. കെ. പി. എ. മജീദ്: ഹജ്ജിന് കോട്ടാ നിശ്ചയിക്കുന്നത് ആകെ വരുന്ന അപേക്ഷകളുടെ കണക്കനുസരിച്ചാണ്. കേരളത്തിലാണ് കൂടുതൽ അപേക്ഷകരുള്ളത്. പക്ഷേ അപേക്ഷയ്ക്ക് ആനുപാതികമായിട്ട് കോട്ടാ നിശ്ചയിച്ചുകിട്ടാത്ത ഒരു സ്ഥിതിവിശേഷമാണുള്ളത്. അത് പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: അതാണ് നേരത്തേ പറഞ്ഞത്. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ കോട്ട നിശ്ചയിക്കണമെന്നുള്ളതിനു പകരം അപേക്ഷകളുടെ അടിസ്ഥാനത്തിൽ കോട്ട നിശ്ചയിക്കണമെന്ന് നമ്മളും ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: എല്ലാ വർഷവും ഹജ്ജിനു പോകുന്ന ഹജ്ജ് യാത്രക്കാർക്ക് ബോംബെയിൽ ധാരാളം പ്രയാസങ്ങളും ഉണ്ടാകുന്നതായി പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. അവർക്ക് ലെയ്സൺ

LIBRARY ARCHIVES Kerala Legislative Assembly

വർക്കുകയും നടത്തുന്നതിനും താമസസൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുമുള്ള പരിപാടികളും എന്തെങ്കിലും ഉണ്ടാകണമെന്ന് അവർ സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ടോ? ഇക്കാര്യത്തിൽ കേരളഗവൺമെന്റ് പ്രത്യേകിച്ച് എന്തെങ്കിലും നടപടികളും സ്വീകരിക്കാനും ഹജ്ജ് കാരെ സഹായിക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: കേരളത്തിലെ ഹാജിമാർക്ക് മാത്രമല്ല പല സംസ്ഥാനങ്ങളിൽനിന്നു വരുന്നവർക്കും ഈ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അത് മനസ്സിലാക്കിയിട്ടാണ് കേന്ദ്ര ഹജ്ജ് കമ്മിറ്റി അതിനാവശ്യമായ സംവിധാനമുണ്ടാക്കാൻ തീരുമാനിച്ചത്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: ഹജ്ജ് സീസണിൽ സൗദി അറേബ്യയിൽ ചെലവ് വളരെ ജാസ്തി ആണ്. ഇവിടെനിന്നും കൊടുക്കുന്ന ഫോറിൻഎക്സ്ചേഞ്ച് ഒരു നിലയ്ക്കും ആർക്കും മതിയാകുന്നില്ല. ഇക്കാര്യത്തിൽ ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: ഫോറിൻ എക്സ്ചേയ്ഞ്ചിന്റെ കാര്യം നിശ്ചയിക്കുന്നത് കേന്ദ്രഗവൺമെന്റാണ്. അതുസംബന്ധിച്ച് സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റിക്ക് ആരിൽനിന്നും ഒരു നിർദ്ദേശവും ഇതുവരെ ലഭിച്ചിട്ടില്ല. അത് ലഭിക്കുകയാണെങ്കിൽ തീർച്ചയായും കേന്ദ്ര ഹജ്ജ് കമ്മിറ്റിയുമായും കേന്ദ്രഗവൺമെന്റുമായും കൈകാര്യം ചെയ്ത് ഒരു തീരുമാനമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഹജ്ജിനുപോകുന്ന മറ്റ് സമുദായക്കാർക്കുകൂടി അതിനുള്ള സൗകര്യം ഉണ്ടാക്കി കൊടുക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: മറ്റ് സമുദായക്കാർക്ക് ഹജ്ജ് നിർബന്ധമല്ല.

ശ്രീ. കെ. പി. രാമൻ: നമ്മുടെ സംസ്ഥാനത്തുനിന്നും പോകുന്ന ഹജ്ജ് തീർത്ഥാടകർ ഹജ്ജ് തീർത്ഥാടനസ്ഥലത്തുവച്ച് മരണപ്പെട്ടാൽ അവരുടെ ശവശരീരം ഇവിടെ എത്തിക്കുന്നതിനുവേണ്ടി എന്തെങ്കിലും സൗകര്യമേർപ്പെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: അത് കേന്ദ്രഗവൺമെന്റാണ് ഹജ്ജ് കമ്മിറ്റി മുഖേന ചെയ്യുന്നത്.

ശ്രീ. സി. വാസുദേവമേനോൻ: ഹജ്ജ് തീർത്ഥാടകർക്ക് സൗദി അറേബ്യയിൽ വേണ്ട സൗകര്യങ്ങളും ചെയ്യുന്നതിനെസംബന്ധിച്ച് സംഭാഷണം നടത്തിയിട്ടുണ്ടെന്നും അന്തിമമായ തീരുമാനമെടുത്തിട്ടില്ലെന്നും പറഞ്ഞും ഏതെല്ലാം സംസ്ഥാനങ്ങൾക്ക് സൗദി അറേബ്യയിൽ പോകുന്നതിനുള്ള സൗകര്യങ്ങളുണ്ട്? ഇക്കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നത് സംസ്ഥാനഗവൺമെന്റാണോ, കേന്ദ്രഗവൺമെന്റാണോ അതോ വഖഫ് ബോർഡ് ആണോ? ഇതിനെസംബന്ധിച്ച് സൗദി അറേബ്യയിലെ ഗവണ്മെന്റിന്റെ പ്രതികരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: ഏതെല്ലാം സംസ്ഥാനങ്ങളിൽ സംവിധാനങ്ങളുണ്ട് എന്നുള്ളതിനെപ്പറ്റി എനിക്ക് മുഴുവൻ പറയാൻ കഴിയില്ല. ചില സംസ്ഥാനങ്ങളിൽ ഉണ്ട്. ഈ സംവിധാനങ്ങൾക്കു വേണ്ടി സംസാരിച്ചത് കേരളഗവൺമെന്റിലെ ആദ്യത്തെ ഹജ്ജ് മന്ത്രിയായിരുന്ന ശ്രീ. സി. എച്ച്. മുഹമ്മദുകോയ ആണ്. ഇതിന്റെ അടിസ്ഥാനത്തിൽ അന്തിമമായ തീരുമാനമുണ്ടായിട്ടില്ല. വീണ്ടും സംഭാഷണം നടത്താൻ ആഗ്രഹിക്കുകയാണ്.

പാഠപുസ്തകങ്ങൾ

* 27 [31] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, എ. കെ. പത്മനാഭൻ:
,, എം. ജിനദേവൻ:
,, ടി. കെ. അബ്ദു:
,, വി. എസ്. ചന്ദ്രശേഖരൻപിള്ള: താഴെക്കാണുന്ന [illegible] വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷത്തിലെ ഒരു ടേം കഴിഞ്ഞിട്ടും പാഠപുസ്തകങ്ങൾ പലതും ഇനിയും വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ക്ലാസുകളിലെ ഏതെല്ലാം പുസ്തകങ്ങളാണ് വിതരണം ചെയ്യപ്പെടേണ്ടതായിട്ടുള്ളത്;

(സി) പാഠപുസ്തകങ്ങളുടെ വിതരണത്തിൽ കാലതാമസം ഉണ്ടാകാനുള്ള കാരണമെന്താണ്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): (എ) ഉണ്ട്.

(ബി) പുതുക്കിയ സിലബസ് അനുസരിച്ച് 9-ാം ക്ലാസിൽ 12 ഇനവും 6-ാം ക്ലാസിൽ 5 ഇനവും പുസ്തകങ്ങളാണ് വിതരണം ചെയ്യപ്പെടേണ്ടതായിട്ടുള്ളത്.

ഒമ്പതാം ക്ലാസിൽ വിതരണം ചെയ്യേണ്ട 12 ഇനം പുസ്തകങ്ങൾ താഴെ പറയുന്നവയാണ്.

(1) എലിമെന്റ്സ് ഓഫ് എക്കണോമിക്സ് (മലയാളം മീഡിയം)
(2) എലിമെന്റ്സ് ഓഫ് എക്കണോമിക്സ് (ഇംഗ്ലീഷ് മീഡിയം)
(3) ഫിസിക്സ് (കന്നട)
(4) ഫിസിക്സ് (തമിഴ്)
(5) കെമിസ്ട്രി (കന്നട)
(6) ബയോളജി (തമിഴ്)
(7) ഏർലി ആന്റ് മീഡീവൽ ഇന്ത്യ (തമിഴ്)
(8) ജ്യോഗ്രഫി (തമിഴ്)
(9) മാത്മാറ്റിക്സ് (തമിഴ്)
(10) മാത്മാറ്റിക്സ് (തമിഴ്)
(11) എലിമെന്റ്സ് ഓഫ് എക്കണോമിക്സ് (തമിഴ്)
(12) എലിമെന്റ്സ് ഓഫ് എക്കണോമിക്സ് (തമിഴ്)

LIBRARY ARCHIVES Kerala Legislative Assembly